ഇൻഫർമേഷൻ സിസ്റ്റം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിന് കരാറുകാരനെ കണ്ടെത്തുവാൻ വേണ്ടി 24-2-2010, 12-10-2010, 30-11-2010 എന്നീ തീയതികളിൽ നടത്തിയ ലേലം/ടെണ്ടർ നടപടി ഫലപ്രാപ്തിയിലെത്തിയില്ല. ആയതിനാൽ താൽപ്പര്യമുള്ള വ്യക്തികൾ സ്ഥാപനങ്ങൾ എന്നിവരെ പങ്കെടുപ്പിക്കുന്നതിനായി 20 പേരെ 2-12-2010-ന് ചർച്ചയ്ക്ക് ക്ഷണിച്ചിരുന്നുവെങ്കിലും ആരും പങ്കെടുക്കുകയുണ്ടായില്ല.

(ഡി) തീരുമാനിച്ചിരുന്നു. ഇതിന് മുന്നോടിയായി രണ്ട് ഉദ്യോഗസ്ഥരെ കർണ്ണാടക സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷനിലേക്ക് വിശദാംശങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിച്ചിരുന്നു. അവർതന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കൊറിയർ പാഴ്സൽ സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. ആരംഭിക്കുന്നതിന് തീരുമാനിക്കുകയുണ്ടായി. കൊറിയർ പാഴ്സൽ സർവ്വീസുകൾ ആരംഭിക്കുന്നതിന്റെ ഭാഗമായി 11-10-2007-ൽ ലേലം/ടെണ്ടർ നടപടികൾ സ്വീകരിക്കുകയുണ്ടായി. എന്നാൽ ഇതുമായി ബന്ധപ്പെട്ട് നടന്ന യോഗ്യതാപരിശോധനയിൽ ആരുംതന്നെ യോഗ്യത നേടുകയുണ്ടായില്ല.

ഈ പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടി കരാറുകാരനെ കണ്ടെത്തുന്നതിനായി നടത്തപ്പെട്ട യോഗ്യതാ പരിശോധനയിൽ (ടെണ്ടറുമായി ബന്ധപ്പെട്ടത്) ആർക്കും യോഗ്യത നേടാൻ കഴിഞ്ഞിരുന്നില്ല.

കെ.എസ്.ആർ.ടി.സി. പെൻഷൻ

83 (2192) <u>ശ്രീമതി കെ. കെ. ലതിക</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കെ.എസ്.ആർ.ടി.സി. പെൻഷൻ കൃത്യമായി വിതരണം ചെയ്യുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

കെ.എസ്.ആർ.ടി.സി. യിൽ ശമ്പളം കൊടുക്കുന്നതിനായി 33 കോടി രൂപയും പെൻഷൻ കൊടുക്കുന്നതിന് 22 കോടി രൂപയും വേണ്ടതുണ്ട്. പ്രതിമാസ വരുമാനവും ചെലവും തമ്മിൽ വലിയ അന്തരമുള്ളതിൽ ശമ്പളം നൽകുന്നതിലേയ്ക്കായി മാസത്തിന്റെ അവസാന ദിവസം കെ.ടി.ഡി.എഫ്.സി.യിൽ നിന്നും കടമെടുക്കേണ്ടിവരുന്നു. പിറ്റേമാസം ആദ്യവാരം, തന്നെ പെൻഷൻ കൊടുക്കുന്നതിന് കോർപ്പറേഷന്റെ അക്കൗണ്ടിൽ വേണ്ടത്ര പണമുണ്ടാകില്ല. കെ.ടി.ഡി.എഫ്.സി.യിൽ നിന്നും വേണ്ടത്ര വായ്പ കിട്ടുകയുമില്ല. കെ.ടി.ഡി.എഫ്.സി.യിൽ നിന്ന് വായ്പ കിട്ടുന്ന മുറയ്ക്ക് കോർപ്പറേഷന്റെ കൈവശം നീക്കിയിരുപ്പായി വരുന്ന പണവും ചേർത്താണ് പെൻഷൻ നൽകുന്നത്. ആയതിനാൽ ഒരു കൃത്യ ദിവസം പെൻഷൻ കൊടുക്കുമെന്ന് മുൻകൂട്ടി പറയുവാൻ ഇപ്പോഴത്തെ സാഹചര്യത്തിൽ കഴിയില്ല.

LIBRARY ARCHIVES Kerala Legislative Assembly